# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/182/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 28

**എം. ജി യുടെ ജൈവ ബോധന യജ്ഞത്തിന് ഇന്ന് (ആഗസ്റ്റ് 29) തുടക്കമാകും, പതിനായിരം പേർ ജൈവ പ്രതിജ്ഞയെടുക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കോട്ടയം ജില്ലാ ജൈവസാക്ഷരതാ യജ്ഞത്തിന് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കുന്ന ചടങ്ങിൽ വിവിധ കോളേജുകളിൽ നിന്നുള്ള പതിനായിരം എൻ. എസ്. എസ് വോള ിയർമാർ ജൈവ പ്രതിജ്ഞയെടുക്കും. പദ്ധതിയുടെ ഭാഗമായി ഓണാവധികാലത്ത് കോട്ടയം ജില്ലയിലെ നാലരലക്ഷത്തിലധികമുള്ള ഭവനങ്ങളിൽ ജൈവകൃഷിരീതികളിൽ പരിശീലനം ലഭിച്ച പതിനായിരത്തിൽപരം എൻ. എസ്. എസ് വോള ിയർമാർ നേരിട്ടുചെന്ന് ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുകയും സമഗ്രകൃഷി ബോധന കൈപ്പുസ്തകം കൈമാറുകയും ചെയ്യും. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷതവഹിക്കുന്ന ചടങ്ങ് ഇന്ന് (ആഗസ്റ്റ് 29) രാവിലെ 10 ന് സർവ്വകലാശാലാ സ്പോർടസ് ഗ്രൗ ിൽ നടക്കും. ചടങ്ങിൽ വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ജോസ്. കെ. മാണി. എം. പി, എം. എൽ. എ മാരായ സുരേഷ്കുറുപ്പ്, രാജു എബ്രഹാം, രജിസ്ട്രാർ. എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. കെ. ഹരികുമാർ, പ്രൊഫ : ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. എം. എസ്. ലത, എൻ. എസ്. എസ് റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു എന്നിവരും സംസാരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**